(സി) ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതത്തിൽ കമ്മീഷൻ 2011-12 സാമ്പത്തികവർഷം എന്തുമാത്രം വർദ്ധനവ് നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കൂടുതൽ അധികാരങ്ങൾ വികേന്ദ്രീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഇപ്പോൾ തദ്ദേശസ്ഥാപനങ്ങൾക്ക് വിവിധ ഇനങ്ങളിലായി എത്ര രൂപയാണ് നൽകുന്നത് ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന് സമർപ്പിച്ചു. രണ്ടാം ഭാഗം ഫെബ്രുവരി മാസം സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി-ഡി) സംസ്ഥാന ധനകാര്യകമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. അതിന്റെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ് റിപ്പോർട്ട് നിയമസഭയിൽ വച്ചതിനുശേഷംമാത്രമേ അതിലെ ഉള്ളടക്കം വെളിപ്പെടുത്താൻ നിർവ്വാഹമുള്ളു.

(ഇ) 2010-11 സാമ്പത്തികവർഷത്തെ യഥാർത്ഥകണക്ക് ലഭ്യമായിട്ടില്ല. ആകയാൽ നടപ്പുസാമ്പത്തികവർഷം (2010-11) തദ്ദേശ സ്ഥാപനങ്ങൾക്ക് വിവിധ ഇനങ്ങളിലായി നൽകുന്നതിന് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിഹിതം താഴെ കൊടുത്തിരിക്കുന്നു.

വികസനഫണ്ട്	:	2,00,962 ലക്ഷം രൂപ
സംരക്ഷണഫണ്ട്	:	44,058 "
പൊതുആവശ്യഫണ്ട്	:	43,924 "
ആകെ	:	2,88,944 "

കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകൾവഴി ബി ഫണ്ട് ഇനത്തിൽ നൽകുന്നതിനായി 1,64,292 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം

20 (*19) ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവും തമിഴ്നാടും ജലം പങ്കിടുന്ന പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനകം എത്ര ചർച്ചകൾ നടന്നു ; ഇതിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ ;

(സി) ആനമലയാറിൽനിന്നും തമിഴ്നാടിന് വെള്ളം നൽകുന്നതു സംബന്ധിച്ച് ധാരണയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ടി.എം.സി. വെള്ളം നൽകാമെന്നാണ് ധാരണയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) 1988 മുതൽ 2011 ജനുവരിവരെയുള്ള കാലയളവിൽ കേരളവും, തമിഴ്നാടും തമ്മിൽ കരാർ പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിതലത്തിലും, മന്ത്രി തലത്തിലും ഔദ്യോഗികതലത്തിലുമായി പത്തൊൻപത് ചർച്ചകൾനടന്നു. ഈ ചർച്ചകളിലൊന്നും കരാറിലെ വ്യവസ്ഥകൾ പുനരവലോകനംചെയ്യുന്നത് സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഇരുസംസ്ഥാനങ്ങൾക്കും ഇടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ലഘൂകരിച്ച് പൊതുതാല്പര്യമുള്ള വിഷയങ്ങൾ കണ്ടെത്തുന്നതിനും, സമവായ സാദ്ധ്യതയുള്ള മേഖലകൾക്ക് ഊന്നൽ കൊടുക്കുന്നതിനുമുള്ള സാഹചര്യമൊരുങ്ങിയിട്ടുണ്ട്.

(സി) കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ആനമലയാറിൽനിന്നും 2.5 tmcft ജലത്തിനാണ് തമിഴ്നാടിന് അർഹതയുള്ളത്. ആനമലയാറിൽനിന്നും 2.5 tmcft ജലം കേരളം നിർമ്മിക്കുന്ന വൈദ്യുത നിലയത്തിന്റെ ഉപയോഗത്തിനു ശേഷം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്നതിനുള്ള പദ്ധതി കേരളം നടപ്പാക്കുന്നതാണ്. അതിനുള്ള സാങ്കേതിക സാദ്ധ്യത കേരളം പരിശോധിച്ച് തൃപ്തികരമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാങ്കേതിക സാദ്ധ്യത റിപ്പോർട്ട് തമിഴ്നാടിന് പരിശോധനയ്ക്കായി നൽകുമെന്നും, അതിന്മേൽ തമിഴ്നാടിനുള്ള കാഴ്ചപ്പാട് രണ്ട് മാസങ്ങൾക്കുള്ളിൽ അറിയിക്കുമെന്നും 21-1-2011-ൽ തിരുവനന്തപുരത്തുവച്ച് നടന്ന ചീഫ് സെക്രട്ടറിതല ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി.

2011-12 വർഷത്തേക്കുള്ള വാർഷിക പദ്ധതിയുടെ വിശദാംശങ്ങൾ

21 (*20) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 വർഷത്തേക്കുള്ള വാർഷിക പദ്ധതിക്ക് സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവാണ് വകയിരുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly